# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 556 — 01.12.2015-ലെ മറുപടിയ്ക്ക്

## കൺസ്യൂമർഫെഡിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.അജിത് | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക വർഷം തിരിച്ച് ലഭ്യമാക്കുമോ ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിൽപ്പന സബ്സിഡി ഇനത്തിൽ 254.50 കോടി രൂപ ഫെഡറേഷന് ലഭിച്ചിട്ടുണ്ട്. വർഷംതോറും അനുവദിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തുക (കോടിയിൽ) |
|---|---|
| 2011-12 | 30.00 |
| 2012-13 | 69.50 |
| 2013-14 | 80.00 |
| 2014-15 | 50.00 |
| 2015-16 | 25.00 |
| ആകെ | 254.50 |

നീതി സ്കീമിന്റെ നടത്തിപ്പിനായി ഈ സർക്കാരിന്റെ കാലത്ത് 100,00,000/- (ഒരു കോടി രൂപ) അനുവദിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വായ്പ (ലക്ഷം) | ഓഹരി (ലക്ഷം) | മാനേജീരിയൽ സബ്സിഡി (ലക്ഷം) | ആകെ (ലക്ഷം) |
|---|---|---|---|---|
| 2011-12 | 10 | 10 | 5 | 25 |
| 2012-13 | 10 | 10 | 5 | 25 |
| 2013-14 | 10 | 10 | 5 | 25 |
| 2014-15 | 10 | 10 | 5 | 25 |
| ആകെ | 40 | 40 | 20 | 100 |

ഇതിനുപുറമെ 2014-15 വർഷത്തിൽ 50 കോടി രൂപ വായ്പയായി എൻ.സി.ഡി.സിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

(ബി) കൺസ്യൂമർഫെഡിന്റെ നന്മ സ്റ്റോറുകളിലും മൊബൈൽ വിതരണ യൂണിറ്റുകളിലും, നിത്യോപയോഗ സാധനങ്ങളുടെ ദൗർലഭ്യം ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഓണക്കാലത്തെ കൺസ്യൂമർഫെഡിന്റെ വിപണി ഇടപെടൽ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഓണം ഉൾപ്പെടെയുള്ള ഉത്സവകാലങ്ങളിൽ വിലക്കയറ്റത്തിന് സാധ്യത ഏറുന്നതിനാൽ ടി കാലയളവുകളിൽ സർക്കാർ സബ്സിഡിയോടെ ഉത്സവകാലവിപണനമേളകൾ കൺസ്യൂമർഫെഡ് മുഖാന്തിരം സഹകരണ വകുപ്പ് നടത്തിവരുന്നു.
2015-16 വർഷത്തിൽ സംസ്ഥാനത്ത് ഓണവിപണി 17.8.2015 മുതൽ 27.8.2015 വരെ സുഗമമായി നടത്തുകയുണ്ടായി. വിപണി നടത്തിപ്പിനായി രണ്ട് ഘട്ടങ്ങളിലായി 25 കോടി രൂപ സർക്കാർ അനുവദിച്ചിരുന്നു. ടി വിപണികളിലൂടെ 20.14 കോടി രൂപയുടെ സബ്സിഡി വിൽപ്പന നടത്തപ്പെടുകയുണ്ടായി.
2015 ലെ ഓണവിപണിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | ഔട്ട് ലെറ്റുകൾ (എണ്ണം) | വില്പന (കോടി) |
|---|---|---|
| തിരുവനന്തപുരം | 294 | 3.16 |
| കൊല്ലം | 293 | 2.63 |
| പത്തനംതിട്ട | 124 | 1.04 |
| ആലപ്പുഴ | 222 | 2.07 |
| കോട്ടയം | 66 | 1.25 |
| ഇടുക്കി | 55 | 0.27 |
| എറണാകുളം | 199 | 1.74 |
| തൃശ്ശൂർ | 155 | 1.55 |
| പാലക്കാട് | 166 | 1.44 |

| | | |
|---|---|---|
| മലപ്പുറം | 146 | 1.03 |
| കോഴിക്കോട് | 118 | 1.4 |
| വയനാട് | 39 | 0.44 |
| കണ്ണൂർ | 48 | 1.38 |
| കാസർഗോഡ് | 64 | 0.74 |
| ആകെ | 1989 | 20.14 |

(ഡി) കൺസ്യൂമർഫെഡിന്റെ ക്രിസ്തുമസ് കാലത്തെ വിപണി ഇടപെടലിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

(ഡി) ക്രിസ്തുമസ് തുടങ്ങിയ ഉത്സവക്കാലങ്ങളിൽ അവശ്യസാധനങ്ങൾക്ക് വിപണിയിലുണ്ടാകാൻ സാധ്യതയുള്ള ക്രമാതീതമായ വിലക്കയറ്റം തടയുന്നതിനായി എല്ലാവർഷവും സർക്കാർ സബ്സിഡിയോടെ സഹകരണ വകുപ്പ് കൺസ്യൂമർഫെഡ് മുഖാന്തിരം ക്രിസ്തുമസ് വിപണനമേളകൾ നടത്തിവരുന്നുണ്ട്. 2015 ലെ ക്രിസ്തുമസ് കാലയളവിൽ ഡിസംബർ 15 മുതൽ 31 വരെ 13 ഇനം നിത്യോപയോഗ സാധനങ്ങൾ സർക്കാർ സബ്സിഡിയോടെ കൺസ്യൂമർഫെഡിന്റെ ത്രിവേണി,നന്മ യൂണിറ്റുകളിലൂടെയും സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും പ്രത്യേക വിപണന കേന്ദ്രങ്ങളിലൂടെയും വില്പന നടത്തുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് കൺസ്യൂമർഫെഡ് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ